Sectt. 37. 3/261/2006/2 Lakhs. GPM © Govt. of Kerala.

**GOVERNMENT OF KERALA**

നമ്പർ. 7568/ആർ.ബി2/07/തസ്വഭവ

തദ്ദേശ സ്വയം ഭരണ(ആർ.ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 17.05.2007.

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് ടൗൺപ്ലാനർ,
തിരുവനന്തപുരം.

സർ,

വിഷയം : കെട്ടിട നിർമ്മാണ അനുമതി 7-11-2005-ന് മുമ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ - നിർമ്മാണ അനുമതിയും ലേ-ഔട്ട് അപ്രൂവലും - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 25-1-2007-ലെ സി2/9948/06 നമ്പർ കത്ത്.

സൂചനയിലെ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബഹു കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 8740/97 എന്ന കേസിൽ 7-11-2005-ാം തീയതി പുറപ്പെടുവിച്ച വിധി പ്രഖ്യാപന സ്വഭാവത്തോടു (declaratory nature) കൂടിയ ഒന്നാണ്. ടൗൺപ്ലാനിംഗ് ആക്ട് പ്രകാരം അംഗീകൃത വ്യക്തിഗത ഒഴിവുകൾ നൽകാൻ സർക്കാരിന് അധികാരം ഇല്ല എന്നാണ് കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. കോടതി വിധിയുടെ ഫലമായി വിധി തീയതിക്ക് മുമ്പ് നൽകിയ വ്യക്തിഗത ഒഴിവുകൾ പ്രകാരം പണി പൂർത്തിയാക്കിയ സംഗതികളിൽപോലും ഒരു സാധൂകരണ നിയമം (Validating Act) മൂലം ക്രമവൽക്കരണം ആവശ്യമാണെന്നിരിക്കെ പ്രസ്തുത തീയതിക്കുമുമ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളിന്മേൽ നിർമ്മാണ അനുമതിയും ലേ ഔട്ട് അപ്രൂവലും നൽകുന്നത് നിയമവിരുദ്ധമായിരിക്കുമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

*വി.വി. സുശീല*
*അണ്ടർ സെക്രട്ടറി*
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.